കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

## 2015-16

## ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ .എസ്. എ. ടി .എസ് .ആർ (പി2)2202/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ: 680 020
ഫോൺ: 0487 2331249
Email:dotsr.ksad@kerala.gov.in

തീയതി: 16.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അരിമ്പൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :അരിമ്പൂർ ഗ്രാമപഞ്ചായത്ത് -2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)കേരളസംസ്ഥാനഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം. കെ .എസ്. എ. ടി .എസ് .ആർ (പി2)2202/2016 തീയതി: 16.01.2017

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 8-9-15 മുതൽ 30-10-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31-3-16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ശ്രീ.ചേക്കുട്ടി.കെ.യു ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.12.2016 മുതൽ 09.12.2016 വരെ |

ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ

| |
|---|
| ശ്രീമതി.ലത.എം.എൻ<br><br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി.ചൈതന്യാപുരുഷോത്തമൻ<br><br>അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഹാരിഷ്.വി.എ<br><br>അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രമാദേവി .കെ.ആർ<br><br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.പി.എ.ആന്റണി | 1.4.15മുതൽ30.10.15വരെ |
| ഭരണനിർവ്വഹണ കമ്മിറ്റി | 31.10.15മുതൽ 19.11.15 F.N വരെ |
| ശ്രീമതി.സുജാത മോഹൻദാസ് | 19.11.15മുതൽ 31.3.16വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ഇ.അശോക് കുമാർ | 1.4.2015മുതൽ .30.7.15 FNവരെ |
| വി.അംബിക | 30.7.15ANമുതൽ 31.3.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എഞ്ചിനീയർ | സിമി.വി.യു. | 1.4.2015മുതൽ 16.5.2015 FNവരെ |

| | | |
|---|---|---|
| | സഖി.എൽ. | 16.5.2015ANമുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | മിനി.എസ് | 1.4.2015മുതൽ 31.3.2016 വരെ |
| ഐ.സി.ഡി. എസ് സൂപ്പർ വൈസർ | ഗ്രെറ്റ കുര്യൻ | 1.4.2015മുതൽ 31.3.16വരെ |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി. | ഡോ.സതീശൻ.ടി.വി. | 1.4.2015മുതൽ . 31.3.2016 വരെ |
| മെഡിക്കൽഓഫീസർ ആയുർവേദം | ഡോ.ഗംഗാദേവി.ഇ.കെ | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.രേഖ .പി.രാഘവൻ | 1.4.2015മുതൽ 31.3.2016 വരെ |
| ഹെഡ്മിസ്ട്രസ്സ്. ജി.എൽ. പി.എസ്.അരിമ്പൂർ | ഷെർളി .ടി.സി. | 1.4.2015മുതൽ. 9.6.15വരെ |
| | ഉഷാകുമാരി.വി. | 10.6.2015മുതൽ 5.7.2015 വരെ |
| | ഷീല.കെ.ആർ | 6.7.2015മുതൽ 31.3.2016 വരെ |
| വി.ഇ.ഓ .അരിമ്പൂർ | രാഖി.എം.ആർ | 1.4.2015മുതൽ 31.3.2016വരെ |
| വി.ഇ.ഒ .മനക്കൊടി | സിന്ധു.കെ.വി | 1.4.2015മുതൽ 31.3.2016വരെ |
| അസി.സെക്രട്ടറി | പ്രദീപ്.കെ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ബ്ലെസ്സി പോൾ | 1.4.2015മുതൽ 31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ടി.എസ്.പ്രബീന | 1.4.2015മുതൽ 31.3.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | രജിസ്റ്ററുകളുടെ പരിപാലനം-അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഡി ആന്റ് ഓ ലൈസൻസ് -അപാകതകൾ | 2-1 |
| | ഭാഗം 3 | |
| 14 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ് | 3-1 |
| 15 | എസ് എസ് എയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം -390000 രൂപ തടസ്സപ്പെടുത്തുന്നു | 3-2 |

| | | |
|---|---|---|
| 16 | ഹെഡ്മിസ്ട്രസ്സ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ-116000 രൂപ തടസ്സം | 3-3 |
| 17 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-4 |
| 18 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-5 |
| 19 | ഇ-ടെണ്ടർ -ടെണ്ടർഫോമിന്റെ വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്--- | 3-6 |
| 20 | സംരക്ഷണ ഗ്രാന്റ് വകമാറ്റിചെലവഴിച്ചു | 3-7 |
| 21 | കുടിവെള്ള പദ്ധതികൾക്കുവേണ്ടി കൈമാറിയതുക--- കൈപ്പററു രസീതി ലഭ്യമാക്കിയിട്ടില്ല | 3-8 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.3.15തിയതിയിലെ 146/15ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 151560046/- രൂപയും ചെലവ് 148867088/- രൂപയുമാണ്. പുതുക്കിയ ബഡ്ജറ്റ് 4.3.2016 തീയതിയിലെ 85/16നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.16 | 23.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 8.12.16 |

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.ഓരോ മാസത്തേയും രസീത് ആന്റ് പേയ്മെന്റ് പത്രിക തൊട്ടടുത്ത മാസം 10ാം തീയതിക്ക് മുമ്പ് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല.

2.നാളിതുവരെ സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.വസ്തുനികുതി കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കിയിട്ടില്ല.

4.പിരിഞ്ഞുകിട്ടാനുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.പോസ്റ്റ് ഓഫീസ് അക്കൗണ്ട് .എസ്.ജി .ആർ.വൈ .അക്കൗണ്ട് എന്നിവയുടെ പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

6.നിർവഹണഉദ്യോഗസ്ഥർ (സെക്രട്ടറി ഒഴികെ) വഴി നടപ്പിലാക്കുന്ന പദ്ധതി ചെലവിൽ നിന്നും പിരിച്ചെടുക്കുന്നതും അടവാക്കുന്നതുമായആദായനികുതി ,വാറ്റ് ,ക്ഷേമനിധി വിഹിതം എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25726792 |
| വരവ് | 43742284 |
| ആകെ | 69469076 |
| ചെലവ് | 55060589 |
| നീക്കിയിരിപ്പ് | 14408487 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ്. | നീക്കി യിരിപ്പ് (RP40b) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2338546 | 8412797 | 10751343 | 10751343 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 810796 | 5252216 | 6063012 | 5835361 | 227651 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 101346 | 5217989 | 5319305 | 5319305 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 966342 | 3499989 | 4466331 | 4466331 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 940516 | 5882384 | 6822900 | 5018478 | 1804422 | 0 |
| ലോകബാങ്ക് സഹായം | 3088000 | 2636212 | 5724212 | 3009466 | 2714746 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 10185729 | 8347291 | 18533020 | 6719327 | 0 | 11813693 |
| ബി ഫണ്ട് | 0 | 34753472 | 34753472 | 34753472 | 0 | 0 |
| എൻ.ആർ.ഇ.ജി.എ | 0 | 10952417 | 10952417 | 10952116 | 0 | 251 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 53521441 | 112 | 40476949 | 18 | 4 | 18 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 5852757 | 2937570 | (-)2915187 | (-)49.8 |
| നികുതിയേതര വരവുകൾ | 1391949 | 1233293 | (-)158656 | (-)11.4 |
| മറ്റുവരവുകൾ | 12515599 | 10577501 | (-)1938098 | (-)15 |
| ആകെ | 19760305 | 14748364 | (-)5011941 | (-)25 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 229800 | 116 |
| കർഷകതൊഴിലാളി പെൻഷൻ | 6315660 | 806 |
| വിധവാപെൻഷൻ | 11164840 | 1182 |
| വാർദ്ധക്യകാലപെൻഷൻ | 11851770 | 1455 |
| വികലാംഗപെൻഷൻ | 2864450 | 238 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1325520 | 138 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15646രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.16മുതൽ 23.11.16 വരെ | 10/16 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.12.15 | 2010-11 മുതൽ 2014-15വരെ | 1.2.16 |

## 1-12.രജിസ്റ്ററുകളുടെ പരിപാലനം-അപാകതകൾ

പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

സർക്കാർ ഉത്തരവ് (അ) 259/10/ത.സ്വ.ഭ.വ/08/11/2010-നിർദ്ദേശിക്കും പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപങ്ങളുടെയും ഉപയോഗത്തിനുവേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും വാങ്ങൽ കമ്മറ്റിയുടെ അംഗീകാരം ആവശ്യമാണ്. എന്നാൽ 2015-2016 വർഷം അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ വാങ്ങലുകളൊന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിച്ചതായി രേഖകളില്ല.ബന്ധപ്പെട്ട മിനിറ്റ്സ് ബുക്ക് ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നുമില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.ആന്റ് .ഓ ലൈസൻസ് അപാകതകൾ.

ഡി ആന്റ് ഓ ലൈസൻസ് ആവശ്യമായ രേഖകൾ ഹാജരാക്കിയതിനു ശേഷം അനുവദിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ്-ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൽ,1996 ചട്ടം 12 പ്രകാരമുള്ള നിബന്ധനകൾക്കുവിധേയമായി ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2.1.1സാനിറ്ററി സാക്ഷ്യപത്രം സമർപ്പിക്കാതെ ലൈസൻസ് അനുവദിച്ചത്:-

2015-16 സാമ്പത്തിക വർഷത്തിൽ ഫ്ലവർ മില്ലുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത് സാനിറ്ററി സാക്ഷ്യപത്രം സമർപ്പിക്കാതെയാണ്.ലൈസൻസ് അനുവദിച്ച ചില ലൈസൻസ് നമ്പറും പേരും താഴെ ചേർക്കുന്നു

| ലൈസൻസ് | പേര് | കെട്ടിട |
|---|---|---|

| നമ്പർ | | നമ്പർ |
|---|---|---|
| 17/2015-2016 | മകം ഫ്ലവർ മിൽ | 5/386 |
| 39/2015-2016 | ഫ്ലവർ മിൽ | 10/153 |
| 43/2015-2016 | കൃഷ്ണ ഫ്ലവർ മിൽ | 6/431 |
| 77/2015-2016 | സെലീന സ്റ്റേഷനറി | 5/67 |

2.1.2 പൊല്യൂഷ്യൻ കൺട്രോൾ ബോർഡിന്റെ അനുമതിയില്ലാതെ ലൈസൻസ് അനുവദിച്ചത്:-

2015-16 സാമ്പത്തിക വർഷത്തിൽ ഒട്ടുമിക്ക വ്യവസായ സ്ഥാപനങ്ങൾക്കും ,ഫ്ലവർ മില്ലുകൾക്കും ലൈസൻസ് അനുവദിച്ചിട്ടുള്ളത് പൊല്യൂഷ്യൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം സമർപ്പിക്കാതെയാണ്.ലൈസൻസ് അനുവദിച്ച ചില ലൈസൻസ് നമ്പറും പേരും താഴെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ | പേര് | കെട്ടിട നമ്പർ |
|---|---|---|
| 168/2015-2016 | സ് മൈൽ എഞ്ചിനീയറിംഗ് & ഇൻഡസ്ട്രിയൽ വർക്ക്സ് | 15/51 |
| 175/2015-2016 | കുറുവത്ത് എഞ്ചിനീയറിംഗ് വർക്ക്സ് | 8/376A |
| 210/2015-2016 | പാവർട്ടിക്കാരൻ ഇൻഡസ്ട്രീസ് | 6/440 |
| 214/2015-2016 | അന്തിക്കാട് ഫ്ലവർ മിൽ | 14/312 |

2.1.3 പൗൾട്രി ഫാമുകളുടെ പ്രവർത്തനത്തിലെ അപാകതകൾ:-

2015-16 സാമ്പത്തിക വർഷത്തിൽ പൗൾട്രി ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത് 2012 ലെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പാലിക്കാതെയാണ്

| ലൈസൻസ് നമ്പർ | പേര് | കെട്ടിട നമ്പർ |
|---|---|---|

| | | |
|---|---|---|
| 209/2015-2016 | സെന്റ് ജോസഫ് പൗൾട്രി ഫാം | 6/437A |

2.1.4 ആയുർവേദ മരുന്നുകളുടെ നിർമാണത്തിന് ലൈസൻസ് അനുവദിച്ചതിലെ അപാകത:-

ആയുർവേദ മരുന്നുകളുടെ നിർമാണത്തിന് ഡ്രഗ്സ് കൺട്രോളറുടെ(ആയുർവേദം) അനുമതി സാക്ഷ്യപത്രം സമർപ്പിക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ലൈസൻസ് നമ്പർ | പേര് | കെട്ടിട നമ്പർ |
|---|---|---|
| 279/2015-2016 | ആയുർ മഠം | 14/424 |

2.1.5 ലൈസൻസ് അനുവദിച്ച അപേക്ഷകളിലെ അപാകതകൾ:-

അപേക്ഷകൾ പൂർണ്ണമായി പൂരിപ്പിച്ച് വാങ്ങി, അപേക്ഷയിന്മേലുള്ള റിപ്പോർട്ടും തീരുമാനവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആവശ്യമായ സംഗതികളിൽ മറ്റ് വകുപ്പുകളിൽനിന്നുള്ള ക്ലിയറൻസ്/നിരാക്ഷേപപത്രവും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

# <u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്.</u>

പൊതുടാപ്പുകൾക്ക് തൻവർഷം 918756/- രൂപ വെള്ളക്കരമിനത്തിൽ (AFS പ്രാകാരം) അടവാക്കിയിട്ടുണ്ട്. വെള്ളക്കരമിനത്തിൽ വലിയ തുക അടവാക്കി വരുന്ന സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണം അറിയുന്നതിനു വേണ്ടി വാട്ടർഅതോറിറ്റിയുമായി ചേർന്ന് 30.9.09 ലെ സ.ഉ.(സാധാ) 1279/09നമ്പർ ത.സ്വ..ഭവ. പ്രകാരമുള്ള കുടിവെള്ളടാപ്പുകളുടെ സംയുക്തപരിശോധന

നടത്തേണ്ടതാണ്.

## 3-2 എസ് എസ് എയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം .-390000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് -50/16- എസ് എസ് എയ്ക്ക് വിഹിതം

നിർവഹണ ഉദ്യോഗസ്ഥ-എച്ച് എം , ജി യു പി എസ് അരിമ്പൂർ

അടങ്കൽ - 390000(വികസന ഫണ്ട് – ജനറൽ)

ചെലവ് - ട്രഷറി ബിൽ നമ്പർ 15-16/29.12.16

2015-16 വർഷത്തിൽ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതിയിലൂടെ 3,90,000 രൂപ (ഡി ഡി നമ്പർ 635540/ 29.12. 2015) എസ് .എസ്. എ യുടെ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-3 ഹെഡ്മിസ്ട്രസ്സ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ–116000 രൂപ തടസ്സം

1.പ്രോജക്ട് നമ്പർ -195/16

പ്രോജക്ട് -അതുല്യം പദ്ധതി

നിർവഹണ ഉദ്യോഗസ്ഥ-എച്ച് എം , ജി യു പി എസ് അരിമ്പൂർ

അടങ്കൽ - 2,00,000(വികസന ഫണ്ട് – ജനറൽ)

ചെലവ് - ട്രഷറി ബിൽ നമ്പർ- 5/15-16- 29.12.15,150000

ട്രഷറി ബിൽ നമ്പർ- 6/15-16- 18.2.16, 30000

അതുല്യം പദ്ധതിയിലൂടെ നാലാം തരം തുല്യതാ പഠനത്തിനായി 180000 രൂപ ചെലവഴിച്ചിട്ടുണ്ട് . ഈ പദ്ധതിയിലൂടെ എത്ര പേർ പരീക്ഷയെഴുതി, എത്ര പേർ പാസ്സായി എന്നത് വ്യക്തമാക്കുന്നതിനായി എൻക്വയറി നല്കിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. ഈ പദ്ധതിയുടെ നടത്തിപ്പിനായി 108 ദിവസം ക്ലാസ്സെടുത്തതിന് പതിനൊന്നു പേർക്ക് 6000 രൂപ വീതം 66000 രൂപ നല്കിയിട്ടുണ്ട് . എന്നാൽ ഈ ക്ലാസ്സുകൾ നടന്നതു സംബന്ധിച്ച് രേഖകളൊന്നും തന്നെ

ഹാജരാക്കിയിട്ടില്ല. ക്ലാസ്സുകൾ നടന്നതിന്റെ അറ്റന്റസ്, ഇൻസ്ട്രക്ടർമാരുടെ പ്രവർത്തനം വിലയിരുത്തിയതിൻറെ റിപ്പോർട്ട് തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 66000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2..പ്രോജക്ട് നമ്പർ - 54/16

പ്രോജക്ട്- ഫുട്ബോൾ പരിശീലനം

നിർവഹണ ഉദ്യോഗസ്ഥ-എച്ച് എം , ജി യു പി എസ് അരിമ്പൂർ

അടങ്കൽ - 50000

ചെലവ് - ട്രഷറി ബിൽ നമ്പർ 8/15-16/26.3.16, 50000 രൂപ

മേൽ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്

1.പരിശീലനം നല്കുന്നതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

2. പരിശീലനാർത്ഥികളുടെ യോഗ്യത, മാനദണ്ഡം വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പരിശീലകന് ഇത്തരം പദ്ധതി നടത്തിപ്പിനുള്ള യോഗ്യത തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവു തുക 50000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

(അ) വാഹന വാടക നല്കിയതിൽ ഇരട്ടിപ്പ്

KL.07 BR.7297 രജിസ്റ്റർ നംപർ വാഹനം ഒരേ ദിവസങ്ങളിൽ ഒരേ സമയത്ത് ഓടിയതിന് പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് അനുവദിച്ച ( പ്രോജക്ട് നം.56/2016)ഫണ്ടിൽ നിന്നും ദേശീയ ആരോഗ്യ പരിപാടികളുടെ ശാക്തീകരണ പദ്ധതിയ്ക്ക് അനുവദിച്ച(പ്രോജക്ട് നം.57/16) ഫണ്ടിൽ നിന്നും വാഹന വാടക നല്കിയതു വഴി രണ്ടു പ്രാവശ്യം വീതം പണം ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം | പാലിയേറ്റീവ് പദ്ധതി(1) | ദേശീയ ആരോഗ്യ |
|---|---|---|

| ഓടിയ തീയതി | | | പരിപാടി(2) | |
|---|---|---|---|---|
| | ട്രഷറി ബിൽ നം,തീയതി, തുക | വാഹന വാടകയായി നല്കിയ തുക | ട്രഷറി ബിൽ നം,തീയതി, തുക | വാഹന വാടകയായി നല്കിയ തുക |
| 21.7.15 | 2/24.8.15,₹24000 | 750 | 11/30.1.16,₹12800 | 400 |
| 11.8.15 | 3/30.9.15,₹20926 | 750 | ,, | 400 |
| 17.8.15 | ,, | 750 | ,, | 400 |
| 18.8.15 | ,, | 750 | ,, | 600 |
| 19.9.15 | 6/21.10.15,₹27250 | 750 | ,, | 600 |
| 17.10.15 | 8/17.12.15,₹24000 | 750 | ,, | 600 |
| 21.11.15 | 9/21.12.15,₹24000 | 750 | ,, | 600 |
| 15.12.15 | 10/19.1.16,₹24000 | 750 | ,, | 600 |
| 11.1.16 | 13/28.2.16,₹28550 | 750 | ,, | 600 |
| 16.1.16 | ,, | 750 | ,, | 600 |
| 18.2.16 | 15/17.3.16,₹24000 | 750 | 18/26.3.16,₹7200 | 500 |
| 20.2.16 | ,, | 750 | ,, | 600 |
| 10.3.16 | 20/30.3.16,₹23824 | 750 | ,, | 500 |
| 14.3.16 | ,, | 750 | ,, | 500 |
| 15.3.16 | ,, | 750 | ,, | 600 |
| 17.3.16 | ,, | 750 | ,, | 500 |
| | | | ആകെ | 8600 |

മേല്പറയുന്ന അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ഒരു യാത്രയുടെ അധിക ചെലവായ (രണ്ടാമത്തെ യാത്ര) ₹ 8600 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

(ആ) പാലിയേറ്റീവ് പരിചരണ പദ്ധതി- പണമടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല.

പ്രോജക്ട് നം. 56/16

ഡി.ഡി.നം. 763291/19.3.16,₹ 120000(ബ്ലോക്ക് വിഹിതം)

.ഡി.ഡി. 640058/18.3.16,₹ 82000( വികസന ഫണ്ട്)

മേല്പറയും പ്രകാരം 202000 രൂപ തിരുവനന്തപുരത്തെ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളൊന്നും തന്നെ

ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

(അ) വില്ലകുളം പാടശേഖരസമിതിക്ക് മോട്ടോർ വാങ്ങി നല്കിയത്- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല, മോട്ടോർ നാളിതു വരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ല

പ്രോജക്ട് നം. 46/16

ചെലവ്- ₹ 1,37,700(വികസന ഫണ്ട്)

- ₹ 20000(ഗുണഭോക്തൃ വിഹിതം)

ആകെ- ₹1,57,700

മേല്പറയും പ്രകാരം ₹1,57,700 ചെലവഴിച്ച് തൃശ്ശൂർ പൊതുവാൾ ബ്രദേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 20 എച്ച്.പി. കിർലോസ്കർ മോട്ടോർ വാങ്ങി വില്ലകുളം പാടശേഖരസമിതിക്ക് 8.11.2015 ന് കൈമാറിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനുവേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ. (പി) 259/2010/ത.സ്വ.ഭ.വ/8.11.2010 നംപർ ഉത്തരവിലൂടെ സർക്കാർ നല്കിയിട്ടുണ്ട്. ആയതു പ്രകാരം 1 ലക്ഷം രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള വാങ്ങലുകൾക്ക് വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യണം. ടെണ്ടർ ഫോറത്തിന്റെ വില്പനക്കും സമർപ്പണത്തിനും പരസ്യ തീയതി മുതൽ 21 ദിവസം നല്കണം. ടെണ്ടർ സമർപ്പിച്ചവരുടേയും സോഷ്യൽ ഓഡിറ്റ് കമ്മറ്റിയിലെ ഒരംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നല്കുന്ന ഒരു വാങ്ങൽ ടീം സ്ഥാപനത്തിൽ രൂപീകരിക്കണം. വാങ്ങൽ കമ്മറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ വാങ്ങൽ കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്. ഇവിടെ ഒരു മലയാള ദിനപത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിട്ടുള്ളത്. ടെണ്ടർ ഫോറത്തിന്റെ വില്പനക്കും സമർപ്പണത്തിനും പരസ്യ തീയതി മുതൽ 21 ദിവസം നല്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. (പരസ്യ തീയതി- 26.7.2015, ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി- 10.8.2015).സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ അംഗത്തിന്റെ സാന്നിദ്ധ്യത്തിലല്ല ടെണ്ടറുകൾ തുറന്നിട്ടുള്ളത്. വാങ്ങലുകൾ വാങ്ങൽ കമ്മിറ്റി അംഗീകരിച്ചിട്ടില്ല.(പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ്

പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല.) മേല്പറയുന്ന അപാകതകൾ കാരണം പ്രസ്തുത വാങ്ങൽ ക്രമപ്രകാരമല്ല. കൂടാതെ വാങ്ങിയ മോട്ടോർ നാളിതുവരെ ഉപയോഗിക്കാതെ പാടശേഖരസമിതിയുടെ മോട്ടോർ ഷെഡിൽ സൂക്ഷിച്ചിരിക്കുകയാണ്. വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാലാണ് മോട്ടോർ ഉപയോഗിക്കാത്തതെന്നും ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഇതിനായി പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ ലഭ്യമാക്കി മോട്ടോർ പ്രവർത്തിപ്പിക്കുന്നതാണെന്നുമാണ് കൃഷി ഓഫീസർ ഓഡിറ്റിനെ അറിയിച്ചത്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ആ) പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാമിൽ പണം നല്കിയതിന് ഔദ്യോഗിക കൈപ്പറ്റ് രശീതി ലഭിച്ചിട്ടില്ല.

പ്രോജക്റ്റ്- തെങ്ങുകൃഷിക്ക് രാസവളവും തൈവിതരണവും (നം. 47/16)

മേല്പറയുന്ന പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 100തെങ്ങിൻ തൈകളുടെ വിലയായി പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാം അസി. ഡയറക്ടർക്ക് ₹5500 നല്കിയിട്ടുണ്ട്. (ഡി.ഡി.നം.635968/1.12.2015). പണം ലഭിച്ചതിന് ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച ഔദ്യോഗിക കൈപ്പറ്റ് രശീത് സ്ഥാപനത്തിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയത് വാങ്ങി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഇ)ഉല്പാദന ബോണസ്സ് വിതരണം- പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് ഒരു വർഷം ആയിട്ടും 75% തുകയും കർഷകരുടെ കയ്യിൽ എത്താതെ ബാങ്കിൽ കെട്ടികിടക്കുന്നു.

2014-15 വർഷത്തെ ഉല്പാദന ബോണസ്സ് വിതരണത്തിനായി ട്രഷറി ബിൽ 3/30.12.2015 പ്രകാരം ₹6,61,432 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് കൃഷി ഓഫീസറുടെ പേരിലുള്ള കേരള ഗ്രാമീൺ ബാങ്കിന്റെ ഒളരിക്കര ബ്രാഞ്ചിലെ അക്കൗണ്ടിൽ(നം.102733) നിക്ഷേപിച്ച് ഒരു വർഷമായിട്ടും 25% വിതരണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. നിലവിൽ ബാങ്ക് അക്കൗണ്ടിൽ ₹4,62,449 നീക്കിയിരുപ്പുണ്ട്.ബാങ്കിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് കാലതാമസത്തിന് കാരണമെന്നും ഈ വിഷയം പല പ്രാവശ്യം ബാങ്ക് അധികൃതരുമായി ചർച്ച ചെയ്തുവെന്നുമാണ് കൃഷി ഓഫീസർ ഓഡിറ്റിനെ അറിയിച്ചത്. എന്തുതന്നെയായാലും , കർഷകർക്കായി സർക്കാർ അനുവദിച്ച തുക അവരുടെ കൈകളിൽ എത്താതെ ബാങ്കിൽ കെട്ടികിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഇ-ടെണ്ടർ -ടെണ്ടർഫോമിന്റെ വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്-

സ.ഉ.524/15/ധന തീയതി 17.11.2015 പ്രകാരം 5,00,000 ന് മുകളിൽ അടങ്കൽ വരുന്ന മരാമത്ത് പ്രവൃത്തികളെല്ലാം ഇ-ടെണ്ടർ ചെയ്യേണ്ടതാണ്. 2015-16 വർഷത്തിൽ 7പ്രവൃത്തികളാണ് ഇ-ടെണ്ടർ ചെയ്തിരിക്കുന്നത്. ആയതിന്റെ ടെണ്ടർഫോമിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത്. ടി തുക പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില |
|---|---|---|---|
| 1 | ആശാരിമൂല റോഡ് റീ ടാറിങ്ങ് | 2 | 1890x2=3780 |
| 2 | അരിമ്പൂർ കൈപ്പിള്ളി എറവ് റോഡ് റീ ടാറിങ്ങ് | 3 | 5250x3=15750 |
| 3 | വികാസ് ബൈലൈൻ റോഡ് സോളിങ്ങ് മെറ്റലിങ്ങ് ടാറിങ്ങ് | 3 | 1785x3=5355 |
| 4 | കൈപ്പിള്ളി ഫ്ളാറ്റ് റോഡ് ഡ്രെയിൻ | 3 | 1115x3=3345 |
| 5 | കൃഷിഭവൻ റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 2 | 1470x2=2940 |
| 6 | ന്യൂ ബോയ്സ് റോഡ് മെറ്റലിങ്ങ്&ടാറിങ്ങ് | 1 | 1365x1=1365 |
| 7 | സ്റ്റുഡന്റ്സ് റോഡ് റീ ടാറിങ്ങ് | 3 | 1115x3=3345 |
| | ആകെ | | 35880 |

ടെണ്ടർഫോമിന്റെ വിലയായ 35,880/- രൂപ പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്.

# 3-7 സംരക്ഷണ ഗ്രാന്റ് വകമാറ്റിചെലവഴിച്ചു

സംരക്ഷണ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ജി.ഒ.(എം.എസ്)330/2004

ത.സ്വ.ഭ.വ തിയതി 9.12.2004പ്രകാരം സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉത്തരവിൽ പറയുന്ന പ്രകാരമുള്ള അറ്റകുറ്റപ്പണികൾക്കാണ് സംരക്ഷണഗ്രാന്റ് വിനിയോഗിക്കേണ്ടത്. മാർഗ്ഗരേഖയിലെ ഭേദഗതികൾ ജി.ഒ(എം.എസ്) 300/2010ത.സ്വ.ഭ.വ തിയതി 10.12.2010 എന്ന ഉത്തരവിലൂടെയും ഏതാനും സർക്കുലറുകളിലൂടേയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. റോഡിതരസംരക്ഷണ ഗ്രാന്റുപയോഗിച്ച് നിർവ്വഹിക്കാവുന്ന പ്രവൃത്തികൾ പ്രസ്തുത ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രവുമല്ല 12-ാം പഞ്ചവത്സര പദ്ധതിയുടെ 2015-16 വാർഷികപദ്ധതിക്ക ബാധകമായ ജി.ഒ.(എം.എസ്)362/13/ത.സ്വ.ഭ.വ തിയതി 16.11.2013.ലെ ഖണ്ഡിക 11.13(x)(സി)പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കാണ് ഉപയോഗിക്കേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രോജക്ടിൽ മേൽ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ പേര് -എൽ.എസ്.ജി.ഡി. ഓഫീസ് അറ്റകുറ്റപ്പണി

പ്രോജക്ട് നമ്പർ -s0158/16

അടങ്കൽ – 5,49,942/-

സാങ്കേതികാനുമതി 120/15-16/AEE/LSGD/AKDdtd22.7.15

ചെലവഴിച്ച തുക 446856(ട്രഷറി ബിൽനമ്പർ 61/15-16 തീയതി 31.03.2016)

അളവുപുസ്തകം 343/14-15

കരാറുകാരൻ ജോസഫ്.എം.ടി

കരാർ 103/AE/LSGD/Ampr/dtd4.8.15

എൽ.എസ്.ജി.ഡി. ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കുവേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത് എന്നാണ് പറയുന്നതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ തനതു ആസ്തിയിലാണ് എൽ.എസ്.ജി.ഡി ഓഫീസ് പ്രവർത്തിക്കുന്നത്. നിർദ്ദേശങ്ങൾക്ക വിരുദ്ധമായി ചെലവഴിച്ച തുക 4,46,856/- രൂപ തടസ്സത്തിൽവയ്ക്കുന്നു.

## 3-8 കുടിവെള്ള പദ്ധതികൾക്കുവേണ്ടി കൈമാറിയതുക-കൈപ്പറ്റു രസീതി ലഭ്യമാക്കിയിട്ടില്ല

രണ്ടു കുടിവെള്ള പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിക്കുതാഴെ പറയുംപ്രകാരം തുക കൈമാറിയിട്ടുണ്ട്. ആയതിനു വാട്ടർ അതോറിറ്റിയിൽനിന്നു

കൈപ്പറ്റ രസീതി, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | കൈമാറിയ തുക | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | വടക്കുംപുറം കുടിവെള്ളപദ്ധതി | So 172/16 | 1750000 | ട്രഷറി ബിൽ- 38/15-16 dtd15.1.2016 |
| 2 | താണിപറമ്പ് കുടിവെള്ള പദ്ധതി | So 170/16 | 1358000 | ട്രഷറി ബിൽ- 48/15-16dtd,19.1.16 |
| | ആകെ | | 3108000 | |

കൈപ്പറ്റ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. കൈപ്പറ്റ് രശീതിയുടെയും വിനിയോഗ സാക്ഷ്യപത്രത്തിന്റേയും അഭാവത്തിൽ ചെലവഴിച്ച 31,08,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 120926 | പെയിൻ ആന്റ് പാലിയേറ്റീവ്. | 120926 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2014-15 | 50000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർഅതോറിറ്റി | വടക്കുംപുറം കുടിവെള്ള പദ്ധതി | 41500217/31.3.16 | 1750000 | 0 | 1750000 |
| വാട്ടർഅതോറിറ്റി | താണിപ്പറമ്പ് കുടിവെള്ള പദ്ധതി | 41500218/31.3.16 | 1358000 | 0 | 1358000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഹൗസിംഗ് ലോൺ | സ.ഉ2063/2010 ത.സ്വ.ഭ.വ. 22.6.2010 | | 1392438 | 966088 | - | 426350 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3950 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2-4(2) | 175 | മാനേജർ,ധനലക്ഷ്മി കുറീസ് | 11501101571 /3.11.15 |
| 2012-13 | 2-4(3) | 175 | മാനേജർ ഹിൽ മൂൺ കുറീസ് | 11501101572/3.11.15 |
| 2008-09 to 2010-11 | 22.5(6) | 3600 | ഡിപ്പോ മാനേജർ , സപ്ലൈ കോ | 11501102405 / 29.1.16 |
| 2012-13 | 2.4(1) | | | |
| 2013-14 | 3.39 | | | |

## <u>4-7. ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43742284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55060589 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4060856 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർച്ചാർജ്ജ് | |
| ഖണ്ഡിക 3-4 | | 8600 | ഡോ.സതീശൻ.ടി.വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, അരിമ്പൂർ |
| ആകെ | | 8600 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 390000 | ഷീല.കെ.ആർ, ഹെഡ്മിസ്ട്രസ്സ് |
| 3-3 | 116000 | ഷീല.കെ.ആർ, ഹെഡ്മിസ്ട്രസ്സ് |
| 3-7 | 446856 | സഖി.എൽ, അസി.എഞ്ചിനീയർ |
| 3-8 | 3108000 | സഖി.എൽ, അസി.എഞ്ചിനീയർ |
| ആകെ | 4060856 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്/ഉദ്യോഗപ്പേര് | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സതീശൻ.ടി.വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, അരിമ്പൂർ | നവകൃഷ്ണതേജസ്, വെളുത്തൂർ പി.ഒ, കുന്നത്തങ്ങാടി |

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 86-87&87-88 | എൽ.എഫ്.ടി.9-1376/91 /2.11.91 |
| 90-91 | എൽ.എഫ്.ടി.9-817/94 /17.5.95 |
| 91-92 | എൽ.എഫ്.ടി.9-31/96 /21.4.96 |
| 92-93&93-94 | എൽ.എഫ്.ടി.9-60/96 /25.5.96 |
| 94-95 | എൽ.എഫ്.ടി.21-1508/2000 /2.12.00 |
| 95-96&96-97 | എൽ.എഫ്.ടി.12-703/04 /28.10.04/12.1.05 |
| 97-98 | എൽ.എഫ്.ടി.12-109/05 /22.4.05/14.11.05 |
| 98-99(വരവ്) | എൽ.എഫ്.ടി.12-1103/05 /21.12.05/8.5.06 |

| | |
|---|---|
| 98-99(ചെലവ്) | എൽ.എഫ്.ടി.12-1502/00 /3.11.00/5.2.01 |
| 99-00(ചെലവ്) | എൽ.എഫ്.ടി.12-724/03 /1.9.03/2.1.04 |
| 99-00(വരവ്) | എൽ.എഫ്.ടി.12-1104/05 /21.12.06/8.5.06 |
| 00-01(ജനകീയാസൂത്രണം) | എൽ.എഫ്.ടി.12-1724/03 /8.2.04/9.5.04 |
| 01-02 | എൽ.എഫ്.ടി.12-861/08 /23.7.09 |
| 02-03 | എൽ.എഫ്.ടി.12-862/08 /23.7.09 |
| 03-04 | എൽ.എഫ്.ടി.12-588/10 /4.5.11/13.10.11 |
| 04-05 | എൽ.എഫ്.ടി.12-589/10 /4.5.11/13.10.11 |
| 05-06 | എൽ.എഫ്.ടി.12-541/10 /28.9.11/18.10.11 |
| 06-07 | എൽ.എഫ്.ടി.12-542/10 /28.9.11/4.11.11 |
| 07-08 | എൽ.എഫ്.ടി.പി.6-858/11/ 21.11.11/18.5.12 |
| 08-09,09-10,10-11 | എൽ.എഫ്.ടി.പി.2-2020/ തീ.12/8.3.13/14.6.14 |
| 11-12 | എൽ.എഫ്.ടി.പി.2-1097/13/ 8.11.13/ 7.2.14 |
| 12-13 | എൽ.എഫ്.ടി.പി2-569/ 14/10.1.14/12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(പി1)491/15 229.15/17.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ.(പി2)918/16 12.06.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

# AUDIT CERTIFICATE

No. KSA-TSR(P2)2202/2016

Kerala State Audit Department

District Audit Office,
Thrissur- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 16.01.2017

Certified that I have audited the Annual Financial Statement of Arimbur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Arimbur Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ.(പി2)/2202/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 16.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.